# ആമുഖം

പൊതു വിദ്യാഭ്യാസത്തിന്റെ ഗുണമേൻമ കൂടുതൽ മെച്ചപ്പെടുത്തുക,സമൂഹത്തിലെ എല്ലാ വിഭാഗം കുട്ടികളെയും വിദ്യാലയ/ പഠന പ്രവർത്തനങ്ങളുടെ ഭാഗമാക്കുക എന്ന വിശാലമായ ലക്ഷ്യം മുന്നിൽകണ്ടുകൊണ്ടാണ് പദ്ധതി രൂപീകരിച്ചിരിക്കുന്നത്. 2025-2026 അധ്യയന വർഷത്തിൽ ഐ.സി.എസ്.എൽ.പി.എസ് ഇടവനശ്ശേരി, മൈനാഗപ്പള്ളിയിലെ മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളിക്കുവാനും പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പ്രാധാന്യം നൽകി അവരെ ഉയർന്ന നിലവാരത്തിൽ എത്തിക്കുവാനും അനുയോജ്യമായ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകിയിരിക്കുന്നു. ഭരണഘടനാത്തും കുട്ടികളിൽ ഉള്ള വൈകാരിക-സാമൂഹിക-വൈജ്ഞാനിക പ്രശ്നങ്ങൾ മറികടന്ന് കുട്ടികളെ മുൻ നിരയിൽ എത്തിക്കുക. പഠന വിടവുകൾ നികത്തുക എന്നതും പദ്ധതിയുടെ പ്രധാന ലക്ഷ്യമാണ്. പഠന പ്രവർത്തനങ്ങൾ ശിശു സൗഹാർദ്ദപരവും കൂടുതൽ ആസ്വാദ്യകരവുമാക്കി മാറ്റാനും അതോടൊപ്പം കുട്ടികളുടെ പഠന കാര്യങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്താനും പദ്ധതി ലക്ഷ്യമിടുന്നു.

# ICS LPS EDAVANASSERY

ഉള്ളടക്കം


1. ആമുഖം
2. വിദ്യാലയം മികവിന്റെ കേന്ദ്രം- കാഴ്ചപ്പാട്
3. വിദ്യാലയചരിത്രം
4. ലക്ഷ്യങ്ങൾ
5. പദ്ധതി രൂപീകരണ പ്രക്രിയ
6. അവസ്ഥാവിശകലനം
7. മികവിന്നായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ
8. കുട്ടികളുടെ പഠന വിടവ് നികത്താനുള്ള പ്രവർത്തനങ്ങൾ
9. പദ്ധതി വിശദാംശങ്ങൾ
10. പ്രതീക്ഷിത നേട്ടങ്ങൾ
11. മോണിറ്ററിംഗ്
12. ഉപസംഹാരം

## വിദ്യാലയചരിത്രം

കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി ബ്ലോക്ക് പഞ്ചായത്തിൽ ഇടവനശ്ശേരി വാർഡിലാണ് ഐ.സി.എസ്.എ.പി സ്കൂൾ സ്ഥിതിചെയ്യുന്നത്. 1976 ലാണ് ഈ വിദ്യാലയം ആരംഭിക്കുന്നത്. മൈനാഗപ്പള്ളി പഞ്ചായത്തിൽ വേങ്ങവാർഡിൽ പ്രവർത്തിച്ചുവരുന്ന ഇസ്ലാമിക് കൾച്ചറൽ സൊസൈറ്റിക്കാണ് സർക്കാർ ഈ സ്കൂൾ അനുവദിച്ചത്.തദ്ദേശ സ്വയംഭരണവകുപ്പ് മന്ത്രിയായിരുന്ന ശ്രീ അവുക്കാദർകുട്ടി നഹ 19/12/1975 ൽ ശിലാസ്ഥാപനം നടത്തി സ്കൂളിന്റെ നിർമ്മാണത്തിന് തുടക്കം കുറിച്ചു. സാമ്പത്തികമായും, സാമൂഹികമായും പിന്നോക്കം നിന്നിരുന്ന ഈ മേഖലയിൽ ഭൂരിഭാഗവും വിദ്യാഭ്യാസപരമായി വളരെയധികം പിന്നോക്കം നിന്നിരുന്നു.

## വിദ്യാഭ്യാസമേഖല

1976 ജൂൺ 1 ന് ഈ സ്കൂൾ പ്രവർത്തനമാരംഭിച്ചു.കർഷകതൊഴിലാളികളും, മത്സ്യതൊഴിലാളികളും ധാരാളമായി താമസിക്കുന്ന ഈ മേഖല വിദ്യാഭ്യാസപരമായി വളരെയധികം പിന്നോക്കം നിന്നിരുന്നു. ഈ സ്കൂൾ തുറന്ന് പ്രവർത്തനം തുടങ്ങിയതിന്റെ ഭാഗമായി പ്രദേശവാസികളായ ധാരാളം കുട്ടികൾക്ക് കാര്യക്ഷമമായ പ്രാഥമികവിദ്യാഭ്യാസം നൽകാൻ കഴിഞ്ഞിട്ടുണ്ട്. സമൂഹത്തിൽ വ്യക്തിമുദ്ര പതിപ്പിച്ച ധാരാളംപേർ ഈ വിദ്യാലയത്തിലെ പൂർവ്വവിദ്യാർത്ഥികളായിട്ടുണ്ട്.

## വിദ്യാലയത്തിന്റെ തുടക്കം

1976 ലാണ് ഈ വിദ്യാലയം ആരംഭിക്കുന്നത്. ശ്രീ.അബ്ദുൽ സമദ് മുസ്ലിയാർ ആയിരുന്നു സ്കൂളിന്റെ ആദ്യ മാനേജർ. ആദ്യ ഹെഡ്മാസ്റ്റർ ശ്രീ.അലിയാരുകുഞ്ഞായിരുന്നു. 1976-77 വർഷം 165 കുട്ടികൾ 4 ഡിവിഷനുകളായി 1-ാം സ്റ്റാൻഡേർഡിൽ ചേർന്നു. 1979 വർഷത്തിൽ 4 ക്ലാസ്സുകളായി 531 കുട്ടികൾ പ്രവേശനം നേടുകയും 9 ഡിവിഷനുകളാക്കുകയും സർക്കാർ അംഗീകരിക്കുകയും ചെയ്തു. ഇപ്പോൾ 1 മുതൽ 4 വരെ 8 ഡിവിഷനുകളിലായി ഏകദേശം 250 കുട്ടുകൾ ഈ സ്കൂളിൽ പഠിക്കുന്നു. ഇപ്പോഴത്തെ പ്രസിഡന്റ് ശ്രീ.കാന്തപുരം അബൂബക്കർ മുസ്ലി യാരും സ്കൂൾ മാനേജർ ശ്രീ.അബ്ദുൾ റഷീദും ഹെഡ്മിസ്ട്രസ് ശ്രീമതി ... യുമാണ്.

അക്കാദമി രംഗത്തും, കലാ-കായിക രംഗത്തും മികച്ച നേട്ടം കൈവരിക്കാൻ സ്കൂളിന് കഴിഞ്ഞിട്ടുണ്ട്. സബ്ജില്ലാ കലോത്സവം, കായിമേള, എൽ.എസ്.എസ്, യുറീക്കാ വിജ്ഞാനോത്സവം എന്നിവയിൽ നേട്ടങ്ങൾ കരസ്ഥമാക്കി. സബ്ജില്ലാ ശാസ്ത്രമേളയിൽ ജില്ലാതലത്തിൽ ഒന്നാം സ്ഥാനം വിവിധ ഐറ്റങ്ങൾക്ക് നേടാൻ കഴിഞ്ഞിട്ടുണ്ട്. സ്കൂൾ വാർഷികം സ്ഥലത്തിന്റെ ഉത്സവമാക്കി മാറ്റാൻ ഞങ്ങൾക്ക് കഴിഞ്ഞു.യ പച്ചക്കറികൃഷി(വിഷരഹിതം)യിൽ ജില്ലാതലത്തിൽ 3-ാം സ്ഥാനവും ലഭിച്ചു. ഇത്തരത്തിലുള്ള പരിപാടികളിലൂടെ പ്രവർത്തനമികവിന് പി.ടി.എ, എം.പി.ടി.എ, എസ്.എസ്.ജി , വിവിധ ക്ലബ്ബുകൾ, പൂർവ്വ വിദ്യാർത്ഥികൾ, സമൂഹം എന്നിവരുടെ സഹായം വളരെയധികം പ്രയോജനപ്പെട്ടിട്ടുണ്ട്.

# ആമുഖം

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്ര-
വികസനമാണ് ഓരോ രക്ഷിതാവും അദ്ധ്യാപകരും
ലക്ഷ്യം വയ്ക്കുന്നത്. എഴുത്ത്, വായന, വിവിധ വ്യവഹാര-
രൂപങ്ങൾ. സ്വതന്ത്രമായ പ്രതികരണങ്ങൾ, ശില്പശാല
സാഹിത്യവായന, ചിത്രാസ്വാദനം, സ്വതന്ത്രരചനകൾ
എന്നിങ്ങനെ വിവിധ മേഖലകൾ കുട്ടി കൈവരിക്കേണ്ട-
തായിട്ടുണ്ട്. അക്കാദമിക് നേട്ടങ്ങൾ കൈവരിക്കുന്നതിനോ-
ടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാ-
രികവുമായ നേട്ടങ്ങൾ കുട്ടി കൈവരിക്കാനാവശ്യമായ
ഇടപെടലുകളുമാണ് ലക്ഷ്യമിടുന്നത്. ഭാഷയിലെ വിവിധ
തരം പ്രവർത്തനങ്ങൾ കുട്ടിക്ക് സ്വയം സ്വായത്തമാ-
ക്കണം. അക്കാദമിക മാസ്റ്റർപ്ലാൻ വഴി മുൻകൂട്ടി
ഓരോ മാസവും വിവിധ പ്രവർത്തന ഘട്ടത്തിലൂടെ
കുട്ടിയും രക്ഷിതാവും അദ്ധ്യാപികയും ഇറങ്ങിച്ചെല്ലുന്ന
സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായാണ്
അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കപ്പെടുന്നത്.
ഈ അദ്ധ്യയന വർഷത്തിൽ കുട്ടി, രക്ഷിതാവ്
അദ്ധ്യാപകർ, മറ്റ് സഹായികൾ ഉൾപ്പെട്ട് കൊണ്ട്
ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ
നടപ്പിലാക്കുന്നതും തുടർപ്രവർത്തന സാദ്ധ്യതയുള്ള-
തുമായ വിവിധ പദ്ധതികളും വിലയിരുത്തലിനും
സാദ്ധ്യത ഒരുക്കി കൊണ്ടാണ് അക്കാദമിക മാസ്റ്റർപ്ലാൻ
തയ്യാറാക്കിയിട്ടുള്ളത്.

# ലക്ഷ്യങ്ങൾ :

* ഒന്നാം ക്ലാസിലെ എല്ലാകുട്ടികളെയും എഴുതാനും വായിക്കാനും സ്വയം വ്യവഹാര രൂപങ്ങളിൽ ഏർപ്പെടാനുമുള്ളവരാക്കുക.

* എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ-കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവ-രാക്കുക.

* എല്ലാ കുട്ടികളെയും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാതെ ലഘുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കാൻ പ്രാപ്തമാക്കുക.

* രക്ഷിതാവിന്റെയും അദ്ധ്യാപികയുടെയും സഹായത്തോ-ടെ വിവിധ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടൽ അവ നവമാധ്യമങ്ങളിൽ പങ്കിടൽ

* ലളിതമായ വായനക്കാർഡുകൾ നിർമ്മിക്കുന്നു. വായിക്കുന്നു.

* കുട്ടികളെ എഴുത്തിന്റെ ലോകത്തേക്ക് എത്തിക്കുന്ന-തിനുള്ള ലഘു രചനാ ശില്പശാലകൾ നടത്തി കുട്ടിയെ സ്വയം സ്വായത്തമാക്കൽ

* തിയേറ്റർ സാധ്യതകൾ, വായനക്കളികൾ എന്നിവ-ഉപയോഗിച്ച് വായനയിലേക്ക് നയിക്കൽ.

# പ്രവർത്തന ലക്ഷ്യങ്ങൾ:

* ആത്മവിശ്വാസത്തോടെ സ്വതന്ത്രവായനയ്ക്ക് അവസരമൊരുക്കുന്നു.
* സർഗ്ഗശേഷികൾ കൈവരിക്കുന്നു.
* ആശയം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറുന്നതിന് സാധ്യതകൾ ഒരുക്കുന്നു.
* ഭാവാത്മകമായ ലോകത്തിലൂടെ പാട്ട്, രചന മറ്റ് പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
* സ്വന്തമായി എഴുതാനും വായിക്കാനും വിവിധ രചനകളിൽ ഏർപ്പെടാനും ശേഷിയുള്ളവരായിത്തീരുന്നു.
* രക്ഷിതാവിന്റെയും അദ്ധ്യാപകരുടെയും സഹായത്തോടെയും സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.
* ലിപികൾ തിരിച്ചറിഞ്ഞ് മറ്റുള്ളവരുടെ സഹായത്തോടെ ലഘുകവിതകൾ, ചെറുകഥകൾ എഴുതുന്നു വായിക്കുന്നു.

## ജൂൺ

## പ്രവർത്തന ഘട്ടങ്ങൾ

* സചിത്ര നോട്ട്ബുക്ക്, സചിത്ര അഭ്യസനം അക്കാദമിക മാസ്റ്റർപ്ലാൻ എന്നിവ തയ്യാറാക്കൽ
* സചിത്ര ഡയറി, സംയുക്ത ഡയറി എന്ന ആശയം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക.

## പ്രവർത്തനങ്ങൾ:

* അക്കാദമിക മാസ്റ്റർപ്ലാൻ അവതരണം
* ചിത്രകാർഡുകൾ, വായനകാർഡുകൾ എന്നിവയുടെ നിർമ്മാണ ശില്പശാല
* സചിത്രബുക്ക് (workbook) പരിചയപ്പെടുത്തൽ
* രക്ഷിതാവിന്റെ സഹായത്തോടെ സംയുക്തഡയറി ആഴ്ചയിൽ ഒന്ന് എങ്കിലും എഴുതൽ
* കഥകൾ- ചിത്രങ്ങൾ വഴിയും വിവിധ മാർഗ്ഗത്തിലൂടെയും നൽകൽ, താളാത്മകമായി ചെറു കവിതകൾ ചൊല്ലൽ

# ജൂലൈ

## പ്രവർത്തന ലക്ഷ്യങ്ങൾ:

* സംയുക്തഡയറി എഴുതാൻ സഹായം ഒരുക്കൽ
* കുട്ടിക്ക് സ്വയം കവിത, കഥ പറയൽ എന്നിവയ്ക്ക് അവസരം ഒരുക്കൽ
* വായനമൂല ക്ലാസ് ലൈബ്രറി ഒരുക്കൽ

## പ്രവർത്തനങ്ങൾ:

* സംയുക്ത ഡയറി ഉറവാക്കിൽ എഴുതാൻ അവസരം ഒരുക്കുന്നു.
* ക്ലാസ് ലൈബ്രറി ഒരുക്കൽ: പുസ്തകങ്ങൾ തൊട്ടറിയാനും നിരന്തരം എടുത്ത് നോക്കാനും അവസരം ഒരുക്കുന്നു.

* ചെറിയ കഥകൾ കേൾക്കാൻ അവസരം ഒരുക്കുന്നു.
* അക്ഷരപ്പാട്ടുകൾ നൽകി ആവർത്തിച്ച് വരുന്ന അക്ഷരങ്ങൾ ഉറപ്പിക്കൽ
* ചിത്രവായനയ്ക്ക് അവസരം ഒരുക്കുന്നു. വാചികമായി പറയാനും അവസരം നൽകൽ

## ആഗസ്റ്റ്

### പ്രവർത്തന ഘട്ടങ്ങൾ:

* കുട്ടികളും രക്ഷിതാക്കളും അധ്യാപകരും ചേർന്ന് ലളിതമായ നിർമാണ ശില്പശാല.
* ഭാഷാവികസനത്തിന് അവസരം ഒരുക്കുന്നു.
* സംയുക്തഡയറിയിലേക്ക് വേഗം അനുഭവം പറയൽ

### പ്രവർത്തനങ്ങൾ

* പാഠപുസ്തകത്തിലെ രചനകൾ ഭാവാത്മകമായി അവതരിപ്പിക്കൽ
* ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനായി അക്ഷരപ്പാട്ടുകൾ ചിത്ര വായനാക്കാർഡുകൾ തയ്യാറാക്കി അവതരണം
* രചനോത്സവത്തിൽ കുട്ടികൾക്ക് സ്വതന്ത്ര രചന നടത്താൻ കൈത്താങ്ങ് നൽകൽ
* ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കൽ
* അഭിനയഗാനത്തിലൂടെ വ്യവഹാര രൂപങ്ങളിൽ ഉൾപ്പെടുന്നു.

## സെപ്റ്റംബർ

### പ്രവർത്തന ലക്ഷ്യങ്ങൾ

* സാഹിത്യാഭിരുചി മെച്ചപ്പെടുത്താൻ അവസരം ഒരുക്കൽ
* സ്വതന്ത്രരചന പരിപോഷിപ്പിക്കുന്നതിന് അവസരം ഒരുക്കൽ
* ഭാഷോത്സവത്തിന് പ്രാധാന്യം നൽകൽ

### പ്രവർത്തനങ്ങൾ

* അനുഭവാധിഷ്ഠിതമായ ഭാഷാപഠനം സ്വായത്തമാക്കാൻ അവസരം ഒരുക്കൽ
* വ്യക്തിഗതമായ രചനകൾക്ക് അവസരം ഒരുക്കുന്നു.
* ചെറിയ ചെറിയ വാക്യങ്ങളിലൂടെ സാഹിത്യാഭിരുചി മെച്ചപ്പെടുത്തുന്നു.
* കുട്ടികളെ സ്വതന്ത്ര രചയിതാക്കളും വായനക്കാരുമായി മാറ്റി എടുക്കുന്നു.

## ഒക്ടോബർ

### പ്രവർത്തന ലക്ഷ്യങ്ങൾ

* വായനോത്സവം സംഘടിപ്പിക്കാൻ

### പ്രവർത്തനങ്ങൾ

* CPTA യിൽ Work book. (കയ്യെഴുത്ത്) വിലയിരുത്തുന്നു
* ഭാഷാപ്രവർത്തനങ്ങൾ സർഗാത്മകവും സജീവവുമാകുന്നു.
* കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുകയും ഉറക്കെയും സംഘമായും അവതരിപ്പിക്കുന്നു.

## നവംബർ

* കൂട്ടവായന- കുട്ടിക്കൂട്ടങ്ങൾക്ക് ചെറിയ വായനാകാർഡുകൾ, ബാലസാഹിത്യങ്ങൾ ഉപയോഗിച്ച് പരസ്പരം സഹായിച്ച് ചിത്രവായന നടത്തുന്നു.
* ക്ലാസ് പത്രം രൂപപ്പെടുത്തുന്നു- ദൈനംദിന അനുഭവങ്ങൾ വാർത്താരൂപത്തിൽ തലക്കെട്ടോടെ എഴുതാൻ സാധിക്കുന്നു.
* കൈയെഴുത്ത് പ്രദർശിപ്പിക്കുന്നു.

## ഡിസംബർ

* കണ്ടതും കേട്ടതുമായ കാര്യങ്ങൾ ആശയം ചോർന്നുപോകാതെ പറയാനും എഴുതാനും പ്രാപ്തരാക്കൽ
* പരസ്പരം പിന്തുണ ഉറപ്പിക്കുന്നതിനായി കൂട്ടെഴുത്ത് പരിപോഷിപ്പിക്കുന്നു.
* സംയുക്തഡയറി കൂടുതൽ മെച്ചപ്പെടുത്തുന്നു.
* ഭിന്ന നിലവാരക്കാരെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.

## ജനുവരി

* കുട്ടികൾ എഴുതിയ ചെറുകവിതകൾ, കഥകൾ എന്നിവയുടെ പ്രകാശനം
* കുട്ടികളുടെ സർഗശേഷികൾ സമൂഹത്തിന് മുൻപിൽ അവതരിപ്പിക്കുന്നു.
* കുട്ടികളുടെ സ്വന്തമായി രചനകൾ ചേർത്ത് കൈയെഴുത്ത് പുസ്തകം തയ്യാറാക്കുന്നു.

## ഫെബ്രുവരി

* ഭാഷോത്സവം ജനപ്രതിനിധികളുടെ സാന്നിധ്യം ഉറപ്പാക്കുന്നു.
* ആശയപൂർണ്ണതയോടെ തനതായ രചനകൾ നടത്തുന്നു.
* കുട്ടികളുടെ മികവുകൾ സമൂഹത്തിന് മുന്നിൽ പ്രകടമാക്കാൻ ഭാഷോത്സവത്തിലൂടെ സാധിക്കുന്നു

## മാർച്ച്

* കുട്ടികൾ തയ്യാറാക്കിയ കഥകൾ, കവിതകൾ തുടങ്ങിയവ പുസ്തക രൂപത്തിലാക്കി പ്രകാശനം
* വീട്ടുവായന, കൂട്ടുവായന, നാട്ടുവായന, അമ്മവായന, ചങ്ങലവായന, സ്വയംവായന എന്നിവയ്ക്ക് പ്രോത്സാഹനം ഒരുക്കുന്നു.
* വായനയെ പരിപോഷിപ്പിക്കാൻ വിവിധ പ്രവർത്തന പലിടങ്ങൾ ഒരുക്കുന്നു.

## വിലയിരുത്തൽ പ്രവർത്തനങ്ങൾ

→ കുട്ടികൾ സ്വതന്ത്ര രചയിതാക്കളായി മാറിയിട്ടുണ്ട്.

→ കുട്ടികൾ തയ്യാറാക്കിയ മികച്ച സ്വതന്ത്രരചനകളെ വായനക്കാർഡുകളാക്കി മാറ്റിയിട്ടുണ്ട്.

→ ഭാഷോത്സവം ജനകീയമാക്കുന്നതിനുള്ള അന്വേഷണം

→ കുട്ടികളുടെ രചനകൾ ചേർത്ത് തിരഞ്ഞെടുത്ത് പുസ്തകം തയ്യാറാക്കുന്നു.

→ മികവുകൾ സമൂഹത്തിന് മുന്നിൽ എത്തിക്കുന്നു.

→ സംയുക്ത ഡയറി വഴി മികച്ച നേട്ടം കൈവരിക്കൽ

→ താളാത്മകമായി പാടൽ, വ്യവഹാര രൂപങ്ങളിൽ എത്തിച്ചേരൽ.

→ സർഗാത്മക ശേഷി വികസനത്തിനുള്ള കഴിവുകൾ സാധ്യതകൾ ഉണ്ടാക്കാൻ

→ കുഞ്ഞെഴുത്ത് (workbook) പങ്കാളിത്തം ഉണ്ടാക്കിയിട്ടുണ്ട്.

# ( ആമുഖം

ഗണിതം ജീവിതത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്തതാണ്. ദിവസവും ജീവിതത്തിലും മറ്റ് ഇതര പ്രവർത്തനങ്ങളിലും അവബോധം ഉണ്ടാക്കിയെടുക്കാൻ ഗണിതം പിന്നിൽ പോകാതെ മുഖ്യധാരയിൽ എത്തിക്കുന്നതിന് ശ്രമിക്കേണ്ടതാണ്. ഇതിനായി ഒന്നാം ക്ലാസ്സിൽ നിന്ന് തന്നെ ലളിത പ്രവർത്തനങ്ങൾ സജ്ജമാക്കാവുന്നതാണ്. പാട്ടുകളിലൂടെയും കളികളിലൂടെയും ഗണിതം ആസ്വാദ്യകരമാക്കാവുന്നതാണ്.

## ലക്ഷ്യങ്ങൾ

* ഒന്നു മുതൽ അഞ്ച് വരെയുള്ള സംഖ്യകൾ എണ്ണി എഴുതുന്നു..
* അഞ്ചു വരെയുള്ള എണ്ണത്തെ പകുതി തുല്യം കൂടുതൽ കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു..
* അഞ്ചു വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.
* ഒറ്റ സംഖ്യകളെണ്ണി എടുക്കുന്നു എഴുതുന്നു വായിക്കുന്നു.
* ഇവിടെ നാലു വരെയുള്ള വ്യത്യസ്ത സംഖ്യകൾ ഒരു
* സംഖ്യയോട് എത്ര കൂട്ടിയാൽ തൊട്ടടുത്ത വലിയ സംഖ്യ കിട്ടും എന്ന് കണ്ടെത്തി പറയുന്നു..
* രണ്ട് ഇരട്ട സംഖ്യകളുടെ സങ്കലനം
* രണ്ട് ഇരട്ട സംഖ്യകളുടെ വ്യവകലനം
* ഇരട്ട സംഖ്യകളുടെ വ്യാഖ്യാനം
* ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ എണ്ണുകയും എഴുതുകയും വായിക്കുകയും ചെയ്യുന്നു..

## ജൂൺ

* സംഖ്യകൾ തിരിച്ചറിയുന്നു പറയുന്നു.
* സംഖ്യാ കാർഡ് നിർമ്മിക്കൽ

## ജൂലൈ

* ഗണിത പഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിതകളിക് ആസ്വദിക്കുന്നു
* സംഖ്യാ കാർഡ് ആസ്വദിക്കുന്നു.

## ഓഗസ്റ്റ്

* ഒന്നു മുതൽ 99 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു. കൂടുതൽ, കുറവ് തിരിച്ചറിയുന്നു.
* ഗണിത കിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു..

## സെപ്റ്റംബർ

* സംഖ്യാ ഗാനങ്ങൾ ആസ്വദിക്കൽ
* ഇരട്ട സംഖ്യകൾ തമ്മിൽ സങ്കലന ക്രിയകൾ നടത്തൽ
* ഒറ്റ സംഖ്യകൾ തമ്മിൽ വ്യവകലന ക്രിയകൾ നടത്തൽ
* ഇനി കോലെടുത്ത് കൂട്ടിയാൽ ഇരട്ട സംഖ്യ ലഭിക്കും എന്ന തിരിച്ചറിവ്
* സംഖ്യാഗാനങ്ങൾ ആലപിക്കൽ

## ഒക്ടോബർ

* ഒറ്റസംഖ്യ ഇരട്ടസംഖ്യ തിരിച്ചറിയൽ
* തന്നിട്ടുള്ള സംഖ്യകളിൽ നിന്ന് ഒറ്റസംഖ്യ ഇരട്ടസംഖ്യ എന്ന് തിരിക്കൽ
* വലിയ സംഖ്യ ചെറിയ സംഖ്യ തിരിച്ചറിയൽ
* ലളിത ഗണിത പ്രവർത്തനങ്ങൾ

## നവംബർ

* സംഖ്യാഗാനങ്ങൾ പാടുന്നു ശേഖരിക്കുന്നു.
* ഇരട്ട സംഖ്യയും ഒറ്റ സംഖ്യയും തമ്മിലുള്ള സങ്കലനപ്രവർത്തനം ഏർപ്പെടുന്നു..

## ഡിസംബർ

* സന്ധ്യകൾ ആഘോഷങ്ങൾ അവധിക്കാലങ്ങൾ ഇവയിൽ ഏർപ്പെടു-
* ഗണിത ആൽബം തയ്യാറാക്കൽ

## ജനുവരി

* ഇരട്ട സംഖ്യയും ഒറ്റ സംഖ്യയും തമ്മിലുള്ള വ്യത്യാസം
* സങ്കലനം വ്യവകലനം ചിഹ്നങ്ങൾ തിരിച്ചറിയുന്നു.

## ഫെബ്രുവരി

* ഗണിത ആൽബം PTA യിൽ പ്രദർശിപ്പിക്കുന്നു..
* വിവിധതരം പട്ടിക പ്രശ്ന നിർധാരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു..

## മാർച്ച്

* ഗണിതാശയവുമായി ബന്ധപ്പെട്ട വർക്ക് ഷീറ്റുകൾ തയ്യാറാക്കുന്നു.
* ലഘുവായ ഗണിതക്രിയകൾ ഏർപ്പെടുന്നു.
* ഉല്ലാസഗണിത പ്രവർത്തനങ്ങൾ
* സംഖ്യകളുടെ പകുതി - തുല്യം എന്നിവ തിരിച്ചറിയുന്നു...

# INTRODUCTION

The goal for the first grades is to handle English fluently. The first grades must go from small words to big words. They must be able to read. write and speak English. Every child should be able to speak English fluently like Malayalam we have to keep the language English close to our heart

The academic master plan is designed to ensure that not a single child goes illiterate

## Objectives and learning Outcomes

Respond to simple instruction in the classroom.
Describe Orally about the picture and objects.
Familiarise with simple sentence.
Enjoy song and sings them with Rhythm and action
Familiarise the name of birds, animals, their young ones and identifies them from pictures.

## June

* Introduce symbol words
* Provides picture cards

## July

* Identify familiar words
* Say familiar words.
* Read familiar words
* write familiar words.

## August

* Enjoy Songs and Sings them with Rhythm and action.
* Describes Orally about pictures and objects using adjectives.

## September

* Read and write Simple words and Simple Sentence
* provides picture Cards and reading Cards

## October

* Introduce Symbol picture descriptions
* make word chain Sentence chain
* make riddles
* Describing words rhyming words
* Text book activities

## November

* prepare reading cards
* provide opportunities to read write and Speak English
* writes five English words daily.

## December

* Read and understand Simple instruction in the classroom

## January

* Enjoy Song and Sing them with Rhythm and action
* make picture albums

## February

* provide the opportunity to express myself class room
* English assembly once in a week

## March

* Speaks English fluently
* Read and write Simple Sentence Picture reading and picture discription

## ആമുഖം

ഒന്നാം ക്ലാസിൽ നിന്ന് തന്നെ ശാസ്ത്രപ്രവർത്തനങ്ങളിലൂടെ കടന്ന് പോകുന്നത് ഉണ്ടാവായ കാര്യമാണ്. ശാസ്ത്രീയമായ അറിവ് കുട്ടികളിൽ ഉണർത്തിയെടുക്കേണ്ടത് ഉദാത്തമായ കാര്യമാണ്. ശാസ്ത്രീയ തലത്തിലൂടെ കുട്ടി കടന്ന് പോകുമ്പോൾ പരിസരവുമായി ഇണങ്ങി ചേരുവാനും സാധ്യമാകുന്നു. പരിസരവുമായി ഇണങ്ങി ചേർന്ന് പഠിക്കുന്നതും ജീവിക്കുന്നതും നല്ലൊരനുഭവമാണ്. ചെറിയതലത്തിൽ നിന്ന് തന്നെ കുട്ടി ശാസ്ത്രീയ വശങ്ങൾ മനസിലാക്കി നിഗമനങ്ങളും പരീക്ഷണങ്ങളും കണ്ടെത്തലുകളും നടത്തി ശാസ്ത്രബോധം വളർത്തിയെടുക്കേണ്ടത് അത്യന്താപേക്ഷിതമായ കാര്യമാണ്.

## പ്രവർത്തന ലക്ഷ്യങ്ങൾ:

* ചെടികൾ നിരീക്ഷിച്ച് പൂക്കളിൽ നിരവധി വ്യത്യസ്തതകളുണ്ടെന്ന് പറയുന്നു.
* വിവിധതരം സസ്യങ്ങൾ (വലിയമരങ്ങൾ, ചെറിയചെടികൾ, പൂക്കുന്നവ, പൂക്കാത്തവ) കണ്ടെത്തി പട്ടികപ്പെടുത്തുന്നു.
* സസ്യങ്ങൾക്ക് വേര്, തണ്ട്, ഇല, പൂവ് കായ് തുടങ്ങിയ ഭാഗങ്ങളുണ്ടെന്ന് വിശദമാക്കുന്നു.
* മഴക്കാലത്ത് ചുറ്റുപാടും ഉണ്ടാകുന്ന മാറ്റങ്ങളെക്കുറിച്ച് തന്റേതായ ആശയങ്ങൾ വിവിധ രീതിയിൽ അവതരിപ്പിക്കുന്നു.
* പതിപ്പുകൾ തയ്യാറാക്കുന്നു.
* സസ്യങ്ങൾ, പൂക്കൾ, ഇലകൾ എന്നിവയുടെ പേരുകൾ തിരിച്ചറിഞ്ഞ് പട്ടികപ്പെടുത്തുന്നു.

* പഴങ്ങൾ കഴിക്കുന്നത് ആരോഗ്യത്തിന് നല്ലതാണെന്ന് മനസിലാക്കുന്നു.
* ലഘു പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു.
* വിത്ത്, ഇല, പൂക്കൾ തുടങ്ങിയവ ശേഖരിക്കുകയും ക്രമീകരിച്ച് പ്രദർശിപ്പിക്കുകയും ചെയ്യുന്നു.

## ജൂൺ

* പ്രവൃത്തി നടത്താം
* പരിസ്ഥിതി ദിന പ്രവർത്തനങ്ങളിൽ പങ്കാളിത്തം ഉറപ്പാക്കൽ
* പരിസ്ഥിതിയുമായി ബന്ധപ്പെട്ട പോസ്റ്റർ തയ്യാറാക്കൽ

## ജൂലൈ

* ചുറ്റുപാടുമുള്ള മരങ്ങൾ, ചെടികൾ നിരീക്ഷിക്കൽ തിരിച്ചറിയൽ
* സ്കൂൾ പൂന്തോട്ട നിർമ്മാണം

## ആഗസ്റ്റ്

* ചെടികളുടെ ചിത്രങ്ങൾ Photo എടുത്ത് ക്ലാസ് ഗ്രൂപ്പിൽ പോസ്റ്റ് ചെയ്യുന്നു.
* സ്കൂളിലും വീട്ടിലും അടുക്കളത്തോട്ടം, പൂന്തോട്ട നിർമ്മാണം

## സെപ്റ്റംബർ

* ചുറ്റുപാടുമുള്ള ചെടികൾ നിരീക്ഷിച്ച് ആഹാരയോഗ്യമായതും ഭംഗിക്ക് ഉപയോഗിക്കുന്നവയും കണ്ടെത്തൽ

* മരങ്ങൾ, ചെടികൾ വ്യത്യാസം തിരിച്ചറിയൽ

## ഒക്ടോബർ

* ചെടികളുടെ വേര്, തണ്ട്, ഇല പൂവ്, കായ് തുടങ്ങിയ-ഭാഗങ്ങൾ ഉണ്ടെന്ന് കണ്ടെത്തുന്നു. ചിത്രീകരിക്കുന്നു.
* ചെടികളിലെ വൈവിധ്യം തിരിച്ചറിയുന്നു.

## നവംബർ

* പൂക്കളുടെ സാമ്യവ്യത്യാസങ്ങൾ നിറത്തിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തുന്നു.
* ചെടികൾ പലതരത്തിലെ നട്ടാണ് ഉണ്ടാകുന്നത് എന്ന് തിരിച്ചറിയൽ

## ഡിസംബർ

* ചെറിയ പൂക്കൾ/വലിയ പൂക്കൾ, /ഒറ്റയായത്, കുലയായത് മണമുള്ളത്/മണമില്ലാത്തത് എന്നിങ്ങനെ കണ്ടെത്തി പട്ടികപ്പെടുത്തൽ

## ജനുവരി

* ഔഷധത്തോട്ട നിർമ്മാണം
* പൂക്കളുടെ ശേഖരണ പുസ്തകം തയ്യാറാക്കൽ
* ലഘുപരീക്ഷണങ്ങളിൽ ഏർപ്പെടൽ

## ഫെബ്രുവരി

* എന്റെ പരിസര പഠന പുസ്തകം പരിചയപ്പെടുത്തൽ

## മാർച്ച്

* എന്റെ പരിസരപഠന പുസ്തകം - അനുഭവം CPTA പ്രദർശിപ്പിക്കൽ
* ICT മുഖേന ചെടികൾ, പൂക്കൾ കാണാൻ അവസരം ഒരുക്കൽ

| അക്കാദമിക മാസ്റ്റർപ്ലാൻ | മലയാളം Std-2 |
|---|---|

വിദ്യാഭ്യാസത്തിന്റെ സമഗ്രവികാസം ലക്ഷ്യമിട്ട് ആവിഷ്കരിച്ച ഗുണമേന്മയുള്ള വിദ്യാഭ്യാസ പദ്ധതിയാണിത്. ഓരോ വിദ്യാർത്ഥിയെയും മികവിന്റെ ഉന്നതിയിലേക്ക് എത്തിക്കുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ഓരോ കുട്ടിയുടെയും പഠനക്ഷമതയെ പരിപോഷിപ്പിക്കുകയും അവരുടെ കഴിവുകളെ തിരിച്ചറിഞ്ഞ് വളർത്തുകയും, ആവശ്യമായ പിന്തുണ നൽകി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികളെ മുന്നോട്ട് കൊണ്ടുവരികയും ചെയ്യുന്നതാണ് ഈ മാസ്റ്റർപ്ലാനിന്റെ ഉദ്ദേശ്യം.

പ്രവർത്തനലക്ഷ്യങ്ങൾ

1 രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.

2 ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനക്ക് അവസരമൊരുക്കുന്നു.

3 എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായനയ്ക്ക് തയ്യാറാക്കൽ

4 ആശയം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറുന്നതിന് സാധ്യത ഒരുക്കുന്നു.

5 ചിത്രത്തെ അടിസ്ഥാനമാക്കി സംഭാഷണം, ലഘുവിവരണം, കഥ എന്നിവ തയ്യാറാക്കുന്നു.

6 ആശയം, ഈണം, താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു.

7. വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടുകയും വ്യക്തിഗതമായ രചനകളിൽ ഏർപ്പെടുക ചെയ്യുന്നു.

മുന്നൊരുക്കം

1. പ്രീടെസ്റ്റ് നടത്തുന്നു. എല്ലാ തലത്തിൽ ഉള്ള കുട്ടികളെയും കണ്ടെത്തുന്നു.
2. കുട്ടിയുടെ നിലവിലുള്ള അവസ്ഥ, കഴിവുകൾ, പരിമിതികൾ എന്നിവ CPTA നടത്തി എല്ലാ മാസവും, പഠനപിന്തുണ കുട്ടിക്ക് ലഭ്യമാകുന്നതിനുള്ള അവസരമുണ്ടാക്കുന്നു.

പ്രവർത്തനലക്ഷ്യം

രണ്ടാം ക്ലാസിലെ ഓരോ കുട്ടിക്കും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.

ജൂൺ

1. അക്ഷരകാർഡുകൾ, പദങ്ങൾ എഴുതിയ കാർഡുകൾ നൽകി വായിക്കൽ
2. ഭാഷണത്തിന് ക്ലാസിൽ അവസരമൊരുക്കൽ
3. വായനസാമഗ്രികൾ നിർമ്മിക്കൽ
4. വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ

ജൂലൈ

1. ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത ഉറപ്പാക്കുന്നു.
2. ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത ഉറപ്പാക്കുന്നു.

സംയുക്ത ഡയറി, (സ്വതന്ത്ര) രചന പരിപോഷിപ്പിക്കുന്നതിന്
* സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി സജ്ജീകരിക്കുന്നു.

ആഗസ്റ്റ്

1. ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ
* രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ
* ചിത്രവിവരണം.
* സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ചുകൊണ്ട് രചനയിൽ ഏർപ്പെടൽ.
* പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കുള്ള അനുരൂപീകരണ പ്രവർത്തനങ്ങൾ നടപ്പാക്കൽ

സെപ്റ്റംബർ

* വിവിധ തരത്തിലുള്ള പതിപ്പ് തയ്യാറാക്കാൻ വേണ്ടുന്ന മുൻഗണന നൽകുന്നു.

ഉദാ: ആന
വലിയ ആന
കറുത്ത വലിയ ആന.

* കുട്ടികളുടെ സ്വതന്ത്രരചനക്ക് സാധ്യത ഒരുക്കുന്നു.

ഒക്ടോബർ

* പരീക്ഷണോത്സവം [ജൂൺ - മാർച്ച്]

നിരീക്ഷണം, അന്വേഷണം, പരീക്ഷണം തുടങ്ങിയ ശാസ്ത്രപ്രക്രിയകളിൽ കുട്ടികളെ പങ്കെടുപ്പിക്കുന്നു.

* ശാസ്ത്ര കൗതുകം, താൽപര്യം, സംശയപരിശോധന സ്വയം പഠനത്തിനും അറിവ് നിർമ്മാണത്തിനും അവസരം ഒരുക്കുന്നു.

നവംബർ

- ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.
- കുട്ടികളുടെ സ്വതന്ത്രരചനയ്ക്ക് സാധ്യത ഒരുക്കുന്നു.
- ആശയപൂർണ്ണതയോടെ ആസ്വാദന രചനകൾ നടത്താൻ പ്രാപ്തരാക്കുന്നു.

ഡിസംബർ

- വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനുമുള്ള അവസരം ഒരുക്കൽ [കവിതാപൂരണം]
- ലഘുവിവരണങ്ങൾ, പ്രത്യേകതകൾ എഴുതുന്നതിനും വായിക്കുന്നതിനുമുള്ള അവസരം ഒരുക്കൽ

ജനുവരി

- ഭാഷയുടെ വിവിധ തലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു.
- ലേഖനപ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിഗത മാഗസിനുകൾ തയ്യാറാക്കാൻ അവസരം ഒരുക്കുന്നു.

ഫെബ്രുവരി

- എല്ലാ മേഖലയിലും കുട്ടികളെ എത്തിക്കാൻ സാധിച്ചു എന്നുള്ളത് ഉറപ്പുവരുത്താൻ (ഭാഷണം, ലേഖനം, എഴുത്ത്)

മാർച്ച്

ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ, കൈയെഴുത്ത് മാസിക, മാഗസിനുകൾ തയ്യാറാക്കൽ

- വ്യക്തിഗതരചനയെ പ്രോത്സാഹിപ്പിക്കൽ
- രചനോത്സവം, ഭാഷോത്സവം എന്നിവ സംഘടിപ്പിക്കൽ

1.
# Academic master plan

Aim : To speak, Read and write English without any mistakes.

Time : June, July, August

## June

Pretest

To develop listening skills and reading skills first

Listening skills :-

Games, Action songs, Conversations, skit, stories.
Use ICT

Speaking skills

Descriptions, growing senlinces, Picture reading, Picture description Self introduction Assembly activities riddles, School radio etc

## July & August

Reading skills

Newspaper reading, Library books reading, rhyming words, describing words etc, Textbook activities.

## Writing Skills

Make word web, Picture descripti[on] word chain, Sentence chain, make words & sentences make riddles, conversations, Add more lines, develop story, description, diary

യൂണിറ്റ് - 1

## അടുക്കളയിലെ രൂപങ്ങൾ

### പഠനലക്ഷ്യങ്ങൾ

- ചുറ്റുമുള്ള വസ്തുക്കൾ നിരീക്ഷിച്ച് വിവിധരൂപങ്ങൾ തിരിച്ചറിയുക.
- വ്യത്യസ്ത വരകൾ തിരിച്ചറിയുക.
- രൂപങ്ങൾക്ക് നിറം നൽകി പാറ്റേണുകൾ നിർമ്മിക്കുക.
- വിവിധ രൂപങ്ങൾ ചേർത്ത് പുതിയ ചിത്രങ്ങൾ രൂപീകരിക്കുക.
- രൂപങ്ങൾ വരയ്ക്കുകയും നിർമ്മിക്കുകയും ചെയ്യുക.

### പ്രവർത്തനവിശദാംശങ്ങൾ

- ചുറ്റുപാടുമുള്ള വിവിധ വസ്തുക്കൾ കാണിക്കുകയും അവയുടെ രൂപങ്ങൾ തിരിച്ചറിയാൻ സഹായിക്കുകയും ചെയ്യുന്നു.
- ദ്വിമാന ത്രിമാന രൂപങ്ങൾ തമ്മിലുള്ള വ്യത്യാസം ഉദാഹരണങ്ങളിലൂടെ വിശദീകരിക്കുന്നു.

നേർരേഖകൾ, വളഞ്ഞ വരകൾ, തിരശ്ചീനവരകൾ, ലംബ വരകൾ എന്നിവ ചിത്രങ്ങളിലൂടെയും വരച്ചും പരിചയപ്പെടുത്തുന്നു

- വിവിധ രൂപങ്ങൾ വരച്ച് അവയ്ക്ക് നിറം നൽകി ആവർത്തിച്ച് പാറ്റേണുകൾ ഉണ്ടാക്കാൻ പ്രേരിപ്പിക്കുന്നു.
- അടിസ്ഥാന രൂപങ്ങളായ ത്രികോണം, ചതുരം, വൃത്തം എന്നിവ ഉപയോഗിച്ച് വീട്, കാർ, പൂക്കൾ തുടങ്ങിയ പുതിയ ചിത്രങ്ങൾ ഉണ്ടാക്കാൻ പ്രേരിപ്പിക്കുന്നു.

- പേപ്പർ കട്ടിംഗ്, ഫോൾഡിംഗ് എന്നിവയിലൂടെ വിവിധ രൂപങ്ങൾ നിർമ്മിക്കാനും വരയ്ക്കാനും പരിശീലിപ്പിക്കുന്നു

<u>കാലയളവ്</u>

June മൂന്നാമാഴ്ച

യൂണിറ്റ് - 2

ഒളിച്ചേ കണ്ടേ

<u>പഠനലക്ഷ്യങ്ങൾ</u>

- നിത്യജീവിതവുമായി ബന്ധപ്പെട്ട് 50 വരെയുള്ള സംഖ്യകൾ ഉൾപ്പെട്ട ആശയങ്ങൾ വിശകലനം ചെയ്യുന്നു. പ്രശ്നങ്ങൾ പരിഹരിക്കുന്നു.
- 50 വരെയുള്ള സംഖ്യകൾ രൂപീകരിക്കുകയും വായിക്കുകയും എഴുതുകയും ചെയ്യുന്നു.

<u>പ്രവർത്തന വിശദാംശങ്ങൾ</u>

- നിത്യജീവിതത്തിലെ സാഹചര്യങ്ങൾ ഉപയോഗിച്ച് സംഖ്യകൾ പരിചയപ്പെടുത്തുന്നു.
- സംഖ്യാകാർഡുകൾ, എണ്ണൽ ഗെയിമുകൾ എന്നിവ ഉപയോഗിച്ച് സംഖ്യാബന്ധങ്ങൾ പഠിപ്പിക്കുന്നു. ലളിതമായ ഗണിതപ്രശ്നങ്ങൾ നിത്യജീവിത സാഹചര്യങ്ങളിൽ ഉൾപ്പെടുത്തി നൽകുന്നു
- 1 മുതൽ 50 വരെയുള്ള സംഖ്യകൾ എഴുതാനും വായിക്കാനും പരിശീലനം നൽകുന്നു.
- സംഖ്യാകാർഡുകൾ ഉപയോഗിച്ച് സംഖ്യകൾ രൂപീകരിക്കാൻ പ്രേരിപ്പിക്കുന്നു.

<u>കാലയളവ്</u>

2 ആഴ്ച

യൂണിറ്റ് - 3

നല്ല നാടിനായ്, നല്ല നാളേക്കായ്

പഠനലക്ഷ്യങ്ങൾ

നിത്യജീവിതവുമായി ബന്ധപ്പെട്ട് 200 വരെയുള്ള സംഖ്യകൾ ഉൾപ്പെട്ട സന്ദർഭങ്ങൾ വിശകലനം ചെയ്യുന്നു. പ്രശ്നങ്ങൾ പരിഹരിക്കുന്നു.

- 200 വരെയുള്ള സംഖ്യകൾ ആവിഷ്കരിക്കുകയും വായിക്കുകയും എഴുതുകയും ചെയ്യുന്നു.

പ്രവർത്തന വിശദാംശങ്ങൾ

- ലഘുവായ വാചക ഗണിത പ്രശ്നങ്ങൾ നൽകി പരിഹരിക്കാൻ പ്രോത്സാഹിപ്പിക്കുന്നു. വിവിധതരം നോട്ടുകളും നാണയങ്ങളും (കളിപ്പണമാക്കി) പരിചയപ്പെടുത്തുന്നു. അവയുടെ മൂല്യം തിരിച്ചറിയാൻ സഹായിക്കുന്നു. കടയിലെ സാധനങ്ങൾ വാങ്ങുന്നതും വിൽക്കുന്നതും അഭിനയിക്കാൻ അവസരം നൽകുന്നു. 100 രൂപയുടെ നോട്ട് നൽകി 10 രൂപയുടെ എത്ര നോട്ടുകൾ വേണമെന്ന് കണ്ടെത്തുന്നതുപോലെയുള്ള ചില്ലറയാക്കൽ പ്രവർത്തനങ്ങൾ കളിപ്പണം ഉപയോഗിച്ച് ചെയ്യിക്കുന്നു.

കാലയളവ്

ജൂലൈ അവസാന ആഴ്ച

യൂണിറ്റ് - 4

സമ്മാനപ്പെട്ടി

പഠനലക്ഷ്യങ്ങൾ

- നിത്യജീവിതവുമായി ബന്ധപ്പെട്ട ലഘുവായ പ്രായോഗിക പ്രശ്നങ്ങളിൽ ഏർപ്പെട്ടു പരിഹാരം കണ്ടെത്തുന്നു. നോട്ടുകളുടെയും നാണയങ്ങളുടെയും. നിത്യജീവിതത്തിൽ ഇവയുടെ ആവശ്യകത ബോധ്യപ്പെടുന്നു. 100 രൂപ ചില്ലറയാക്കുന്ന എത്ര പത്തിന്റെ നോട്ടുകൾ വേണ്ടിവരും എന്ന്

കണ്ടെത്തുന്നു.

പ്രവർത്തന വിശദാംശങ്ങൾ

- 50ൽ കൂടുതൽ സംഖ്യകൾ (51-200) എണ്ണാനും വായിക്കാനും എഴുതാനും പരിശീലിപ്പിക്കുന്നു.
- സംഖ്യാശ്രേണികൾ പൂർത്തിയാക്കാനും വലിയ സംഖ്യയിൽ ചെറിയ സംഖ്യകൾ കൂട്ടിച്ചേർക്കാനും കുറയ്ക്കാനും പരിശീലനം നൽകുന്നു. കടകളിലെ സാധനങ്ങളുടെ വില, ദൂരം തുടങ്ങിയ നിത്യജീവിത സാഹചര്യങ്ങൾ ഉപയോഗിച്ച് സംഖ്യകൾ പഠിപ്പിക്കുന്നു.
- 51 മുതൽ 200 വരെയുള്ള സംഖ്യകൾ തിരിച്ചറിയാനും വായിക്കാനും എഴുതാനും കൂടുതൽ പരിശീലനം നൽകുന്നു.

യൂണിറ്റ് - 5

ഒന്നായ് ചേരാം, നന്നായ് വളരാം

പഠനലക്ഷ്യങ്ങൾ

- 100 വരെയുള്ള സംഖ്യകൾ തുകയായി വരുന്ന രണ്ട് രണ്ടക്ക സംഖ്യകളുടെ സങ്കലനം മനക്കണക്കായി ചെയ്യുക.
- തുക 200 വരെ വരുന്നതും രണ്ടക്ക സംഖ്യകൾ മാത്രം ഉൾപ്പെടുന്നതുമായി വരുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സങ്കലനക്രിയ ഉപയോഗിക്കുന്നു.

പ്രവർത്തന വിശദാംശങ്ങൾ

രണ്ടക്ക സംഖ്യകളുടെ സങ്കലനം മനക്കണക്കായി ചെയ്യാൻ പരിശീലിപ്പിക്കുന്നു. സംഖ്യാകാർഡുകൾ, മണികൾ എന്നിവ ഉപയോഗിച്ച് കൂട്ടിച്ചേർക്കൽ പരിശീലനം നൽകുന്നു.

# ഐ.സി.എസ്.എൽ.പി.എസ് ഇടവനശ്ശേരി, മൈനാഗപ്പള്ളി

## അക്കാദമിക് മാസ്റ്റർ പ്ലാൻ 2025 -26

ക്ലാസ് : 3 വിഷയം:മലയാളം

**ലക്ഷ്യം** : നാടൻപാട്ട് ചൊല്ലിയിട്ടും സ്വയം താളം പിടിക്കും ചൊല്ലിയും ആശയം ഗ്രഹിച്ച് ആസ്വദിക്കുന്നതിൽ ആനന്ദം കണ്ടെത്തുക.

- വായ്ത്താരി നിർമ്മാണത്തിൽ സ്വയം പ്രാവീണ്യം നേടുക
- പഴഞ്ചൊല്ലുകളും നാട്ടു മൊഴിവഴക്കങ്ങളും സ്വന്തം ഭാഷാപ്രയോഗങ്ങളിൽ ഉചിതമായി ഉൾപ്പെടുത്താൻ എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.
- സാഹിത്യരചനകൾ (കവിത, വിവരണം, വായിച്ചു കേട്ടും സ്വയം വായിച്ചും ആശയം ഗ്രഹിച്ച് ആസ്വദിക്കുക.

| SI NO | പ്രവർത്തനം | കാലയളവ് |
|---|---|---|
| 1 | <u>**വായ്ത്താരി ചന്തം**</u><br>• വ്യത്യസ്ത ഈണങ്ങളിലുള്ള വായ്ത്താരികൾ അടങ്ങിയ നാടൻ പാട്ടുകൾ കേൾക്കുന്നു. അവതരിപ്പിക്കുന്നു.<br><u>**വായ്ത്താരി മേളം**</u><br>• ശേഖരിച്ച വായ്ത്താരികൾ പ്രഭാത സർഗ്ഗവേള, ബാലസഭ എന്നിവയിൽ അവതരണം.<br>• വ്യത്യസ്ത ഈണങ്ങളിൽ പാടാനുള്ള അവസരം.<br>• ശേഖരിച്ച വായ്ത്താരികൾ അടങ്ങിയ നാടൻ പാട്ടുകൾ അടങ്ങിയ പതിപ്പ് തയ്യാറാക്കൽ.<br>• നാടൻപാട്ട് ശില്പശാല<br>• പാവനാടകം പരിചയപ്പെടുത്തൽ<br>• പാവനാടക അവതരണം | ജൂൺ |
| 2 | <u>**പഴഞ്ചൊൽ പൊലിമ**</u><br>• പഴഞ്ചൊല്ലുകൾ ശേഖരണം<br>• പഴഞ്ചൊല്ലുകളിൽ അടങ്ങിയ ആശയാവിഷ്ക്കാരം<br><u>**ഒരു ദിനം ഒരു പഴഞ്ചൊല്ല്**</u><br>• കുട്ടികൾക്ക് ഒരു ദിനം ഒരു പഴഞ്ചൊല്ല് നൽകുന്നു. പഴഞ്ചൊല്ലിലെ ആശയങ്ങൾ എഴുതിപ്പിക്കുന്നു.<br>• പഴഞ്ചൊൽ പൊലിമ എന്ന പതിപ്പ് നിർമ്മാണം | ജൂൺ -ജൂലായ് |

| | | |
|---|---|---|
| 3 | **<u>റീഡേഴ്സ് തീയേറ്റർ</u>**<br>• കുട്ടികൾക് പരിചിതമായ ഒരു കഥ നൽകുന്നു.<br>• വായന അവസരം<br>• കഥാപാത്ര വിശകലനം<br>• കഥാപാത്രങ്ങളെ കണ്ടെത്തൽ<br>• ആരാണ് നരേറ്റർ<br>• നരേറ്റർ സംവദിക്കുന്ന സന്ദർഭങ്ങൾ കണ്ടെത്തൽ.<br>• സ്ക്രിപ്പ് റ്റ് രചന<br>• സ്ക്രിപ്റ്റ് വായന<br>• അവതരണം. | ജൂലായ് |
| 4 | **<u>കടങ്കഥ</u>**<br>• കടങ്കഥ മുൻ അറിവ് പരിശോധന<br>• വിവിധ മേഖലകളുമായ് ബന്ധപ്പെട്ട കടങ്കഥകളുടെ ശേഖരണം.<br>• കടങ്കഥ നിർമ്മാണം<br>• കടങ്കഥ പതിപ്പ് തയ്യാറാക്കൽ<br>• കടങ്കഥ ശിൽപ്പശാല<br>• വ്യത്യസ്ത കലാരൂപങ്ങളുടെ പ്രദർശനം<br>• ഡോക്യുമെന്ററി പ്രദർശനം.<br>• കലാരൂപങ്ങൾ വേഷവിധാനം - ചിത്ര ശേഖരണം. ആൽബം തയ്യാറാക്കൽ | ജൂലായ് -ആഗസ്റ്റ് |
| 5 | **<u>കഥോത്സവം</u>**<br>• നാട്ടുകഥകൾ ശേഖരണം<br>• നാട്ടുകഥകൾ അവതരണം<br>• കഥാപാത്ര ചിത്രീകരണം<br>• സ്വന്തം ആശയത്തിൽ കഥാവതരണം<br>• കഥാപൂരണം<br>• കേട്ട കഥകൾ പാവനാടകമാക്കി അവതരിപ്പിക്കൽ<br>• കഥ കഥ... കഥ...കഥോത്സവ്<br>• നാട്ടുകഥകൾ പറയുന്ന മുതിർന്നവരെ കണ്ടെത്തുന്നു.<br>• ക്ഷണിതാവ് കഥ അവതരിപ്പിക്കുന്നു.<br>• ഓരോ കഥയുടെയും അവതരണത്തിനു ശേഷം ഉള്ളടക്ക ചർച്ച | ആഗസ്റ്റ് |
| 6 | **<u>നിഘണ്ടു പരിചയം</u>**<br>• മലയാള അക്ഷരങ്ങൾ അകാരിദ ക്രമത്തിൽ എഴുതുന്നു.നിർദ്ധിഷ്ട വാക്കുകളുടെ അർത്ഥം കണ്ടെത്തുന്നു. | ജൂലായ് - മാർച്ച് |

ലക്ഷ്യം : ആശയ വ്യക്തതയോടെ അക്ഷരത്തെറ്റില്ലാതെ എല്ലാ കുട്ടികളെയും വായിക്കാനും എഴുതാനും പ്രാപ്തരാക്കുക

| SI NO | പ്രവർത്തനം | കാലയളവ് |
|---|---|---|
| 1 | • കുട്ടി കേട്ട ഒരു കഥ പറയൽ<br>• അവധിക്കാല അനുഭവങ്ങൾ പറയൽ<br>• ഞാനും മൂന്നാം ക്ലാസിലേക്ക് (രക്ഷിതാക്കൾക്ക് മൂന്നാം ക്ലാസിൽ കുട്ടി നേടേണ്ട ഭാഷാ ശേഷികളെ കുറിച്ച്, കുട്ടികൾക്ക് നൽകേണ്ട പിന്തുണയെ കുറിച്ച് ബോധവത്കരണ ക്ലാസ്) | ജൂൺ |
| 2 | • രക്ഷിതാക്കളുടെ സഹായത്താൽ അക്ഷര കാർഡുകൾ നിർമ്മിച്ചു നൽകുന്നു . വളരുന്ന അക്ഷരമരം (ഒരു കുട്ടിക്ക് ഒരു കൊമ്പ് ) ഓരോ കുട്ടിയും പഠിച്ച അക്ഷരങ്ങൾ ഇലയുടെ ആകൃതിയിൽ മരത്തിൽ ഒട്ടിക്കുക<br>• നിശ്ചിത പദങ്ങൾ ടെക്സ്റ്റിൽ നിന്നും കണ്ടെത്തൽ<br>• വീട്ടിലും ഒരു അക്ഷര മരം (രക്ഷിതാവ് )<br>• വീഡിയോ പ്രദർശനം (വാട്സപ്പ് ) | ജൂലൈ |
| 3 | • രക്ഷിതാക്കൾ , കുട്ടികൾ , എന്നിവർക്ക് വേണ്ടി അക്ഷര ചിത്രങ്ങൾ തയ്യാറാക്കുന്ന ശിൽപ്പശാല നടത്തുന്നു . തയ്യാറാക്കിയവയുടെ പ്രദർശനം<br>• അക്ഷര പൂരണം ( ചിത്രങ്ങൾ നൽകി )<br>• അക്ഷര കാർഡുകൾ നൽകി വാക്കു നിർമ്മാണം | ആഗസ്റ്റ് |
| 4 | • വളരുന്ന അക്ഷര ലൈബ്രറി ( ഓരോ ആഴ്ചയിലും 5 ദിവസത്തേക്ക് 5 അക്ഷരങ്ങൾ നൽകുന്നു ) . അക്ഷരവുമായി ബന്ധപ്പെട്ട വാക്കുകൾ പത്രങ്ങൾ , മാസികകൾ എന്നിവയിൽ നിന്നും കണ്ടെത്തി വളരുന്ന അക്ഷര ലൈബ്രറിയിലേക്ക് ഒട്ടിക്കുന്നു . വായിക്കുന്നു<br>• ഓണപ്പതിപ്പ് ( ചിത്രങ്ങൾ , പദങ്ങൾ , പാട്ടുകൾ)<br>• ഫീൽഡ് ട്രിപ്പ് - കൃഷിയിടത്തിലേക്ക് (പച്ചക്കറികൾ തിരിച്ചറിയുന്നു . പേരുകൾ എഴുതുന്നു ) | സെപ്റ്റംബർ |
| 5 | • ചിത്രം നൽകി വായനാ കാർഡ് നിർമ്മാണം (രക്ഷിതാക്കളുടെ പങ്കാളിത്തത്തോടെ ) വായിക്കൽ<br>• പദ ചങ്ങല - പദങ്ങൾ ചേർത്ത് വാക്യമാക്കൽ<br>• ആഭരണം അണിയിക്കാം ( ചിഹ്നങ്ങൾ | ഒക്ടോബർ |

# ഐ.സി.എസ്.എൽ.പി.എസ് ഇടവനശ്ശേരി, മൈനാഗപ്പള്ളി

## അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

**വിഷയം: ഗണിതം** **ക്ലാസ്: 3**

**ലക്ഷ്യം: 1**

– നിത്യജീവിതത്തിലെ വിവിധ ആവശ്യങ്ങൾ കളികൾ എന്നിവയുടെ ഭാഗമായി ജാമിതീയ രൂപങ്ങൾ തിരിച്ചറിയുന്നു; തരംതിരിക്കുന്നു ;നിർമ്മിക്കുന്നു. നിർമ്മാണങ്ങളിലും മറ്റും കാണുന്ന ജാമിതിയുടെ ഭംഗി ആസ്വദിക്കുന്നു. രൂപങ്ങൾക്ക് നിറം നൽകി ഭംഗിയാർന്ന പാറ്റേണുകൾ നിർമ്മിക്കുന്നു.നിത്യജീവിതത്തിൽ നമ്മുടെ ചുറ്റുപാടും നിരീക്ഷിച്ച് വൈവിധ്യമാർന്ന പാറ്റേണുകൾ കണ്ടെത്തുന്നു. അവയുടെ സൗന്ദര്യം ആസ്വദിക്കുന്നു;യുക്തി സമർപ്പിക്കുന്നു ;പാറ്റേണുകൾ വരയ്ക്കുന്നു.

| SI NO | പ്രവർത്തനം | കാലയളവ് |
|---|---|---|
| 1. | **പ്രവേശനോത്സവം**<br>• വിവിധ ഗണിത രൂപങ്ങൾ കൊണ്ടുള്ള തോരണങ്ങളുടെ നിർമ്മാണം.രൂപങ്ങൾ തിരിച്ചറിയൽ; പ്രത്യേകതകൾ മനസ്സിലാക്കൽ.<br>• ഗണിത രൂപങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള ആശംസാ കാർഡ് നിർമ്മാണം.<br>• തോണി നിർമ്മാണം; രൂപങ്ങൾ കണ്ടെത്തൽ ;<br>• ഗണിതരൂപങ്ങൾ ഉപയോഗിച്ച വിവിധ ചിത്രങ്ങൾ തയ്യാറാക്കൽ.<br>• ഗണിതരൂപ ചിത്ര പതിപ്പ് നിർമ്മാണം ; ചിത്രപാറ്റേണുകൾ പരിചയപ്പെടൽ;<br>• ചിത്ര പാറ്റേൺ മാഗസിൻ തയ്യാറാക്കൽ.<br>• ജിയോ ബോർഡ് നിർമ്മാണം.<br>• വെജിറ്റബിൾ പ്രിന്റിങ് തയ്യാറാക്കൽ.<br>• തീപെട്ടി കമ്പ് ഉപരോധിച്ചു കൊണ്ടുള്ള വിവിധ ഗണിത രൂപങ്ങളുടെ നിർമ്മാണം. | ജൂൺ |

**ലക്ഷ്യം 2: മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും 1 മുതൽ 2000 വരെയുള്ള സംഖ്യകൾ പറയുക, വായിക്കുക, എഴുതുക എന്നീശേഷികൾ ഉറപ്പിക്കുക.**

| Sl NO | പ്രവർത്തനം | കാലയളവ് |
|---|---|---|
| 1 | കളം നിറയ്ക്കാം<br>1 to 100 വരെയുള്ള കളം ബോർഡ് ഉപയോഗിച്ച് സംഖ്യകളെ സ്ഥാനകളത്തിൽ തിട്ടപ്പെടുത്തി സംഖ്യകളെ യഥാസ്ഥാനത്ത് ക്രമീകരിക്കുക | ജൂലായ് |
| 2 | നറുക്കെടുക്കാം<br>- സഖ്യകൾ എഴുതിയ നറുക്ക് കുട്ടികൾക്ക് നൽകുന്നു.<br>- കിട്ടിയ സംഖ്യ വായിക്കാം.<br>- മറ്റുള്ളവർ സംഖ്യ എഴുതുന്നു | ജൂൺ |
| 3 | 10 ചങ്ങാതിമാർ<br>- സംഖ്യ നറുക്ക് എടുക്കുന്നു.<br>- കിട്ടിയ നറുക്കിലെ സംഖ്യ വായിച്ച ശേഷം തുടർന്ന് വരുന്ന 10 സംഖ്യകൾ എഴുതാൻ അവസരം. | ജൂൺ |
| 4 | പാറ്റേൺ പൂർത്തിയാക്കാം<br>- വിവിധ സംഖ്യ പാറ്റേൺ പൂർത്തിയാക്കൽ. | ജൂൺ - സെപ്റ്റംബർ |
| 5 | ക്രമത്തിലാക്കാം<br>- വ്യത്യസ്ത സംഖ്യകൾ നൽകുന്നു.<br>- ആരോഹണ ക്രമം, അവരോഹണ ക്രമം എഴുതുക. | ജൂൺ - ഓഗസ്റ്റ് |

**ലക്ഷ്യം 3:- മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും മൂന്നക്ക/ നാലക്ക സംഖ്യകളെ വ്യാഖ്യാനിക്കാനുള്ള ശേഷി ഉറപ്പിക്കൽ.**

| Sl NO | പ്രവർത്തനം | കാലയളവ് |
|---|---|---|
| 1 | കൂട്ടങ്ങളാക്കാം.<br>- ഇഷ്ടമുള്ള ഒരു മൂന്നക്ക സംഖ്യ എഴുതാം.<br>- കളി നോട്ട് / ഗ്രിഡ് ഉപയോഗിച്ച് 1, 10, 100, 1000 ,2000 ന്റെ കൂട്ടങ്ങളാക്കി മാറ്റാം. | ജൂൺ |
| 2 | സംഖ്യാ സൂര്യൻ<br>- ഓരോ കുട്ടിക്കും ഒരു മൂന്നക്ക സംഖ്യ ബോർഡിൽ എഴുതാം.<br>- ഗ്രൂപ്പായി തിരിഞ്ഞ് ബോർഡിൽ എഴുതിയ സംഖ്യകളെ വ്യത്യസ്ത രീതിയിൽ മാറ്റി എഴുതുന്നു. | 2 ആഴ്ച്ച |
| 3 | ക്രമീകരിക്കാം<br>-അബാക്കസ് നിർമ്മാണം<br>-സംഖ്യകളെ അബാക്കസിൽ ക്രമീകരിക്കാം.<br>- അരവിന്ദ് ഗുപ്ത കാർഡ് ഉപയോഗിച്ച് സംഖ്യ നിർമ്മിക്കാം. | ജൂൺ - സെപ്റ്റംബർ |

ലക്ഷ്യം 3 :- മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ശേഷി ഉറപ്പിക്കൽ. അവസരം ഒരുക്കൽ.

| Sl NO | പ്രവർത്തനം | കാലയളവ് |
|---|---|---|
| 1 | ക്ലാസിൽ ഒരു കട (കുഞ്ഞുകട ) / കച്ചവട കണക്ക്<br>- കുട്ടികളുടെ ബുക്ക്, പേന, പെൻസിൽ, വെള്ളം, അരി etc. ചേർത്ത് അവയ്ക്ക് വില നൽകി കട ക്രമീകരിക്കുന്നു.<br>- ത്രാസ്, അളവ് പാത്രങ്ങൾ ക്രമീകരിന്നു.<br>- ആവശ്യമുള്ളവ അളന്നെടുക്കുന്നു.<br>- കളി നോട്ട് ഉപയോഗപ്പെടുത്തി കച്ചവടക്കളി ഒരുക്കുന്നു. കടക്കാരനും കസ്റ്റമറും കുട്ടികൾ തന്നെ.<br>- സാധനം വാങ്ങുകയും പണം (കളിനോട്ട്) കൈകാര്യം ചെയ്യുകയും ചെയ്യുന്നു.<br>- ഗ്രൂപ്പിൽ ചർച്ച നടക്കുന്നു.<br>- പ്രയാസങ്ങൾ ഗ്രൂപ്പിൽ /അദ്ധ്യാപകന്റെ സഹായത്തോടെ പരിഹരിക്കുന്നു. | ഫെബ്രുവരി |
| 2 | സമയ ചക്രം<br>- ബ്ലാക്ക് & വൈറ്റ് ചാർട്ട് ഉപയോഗിച്ച് സമയചക്രം തയ്യാറാക്കുന്നു.(am / pm)<br>- സമയവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്ന പരിഹരണത്തിന് ഉപയോഗപ്പെടുത്തുന്നു | ജൂലൈ |

ലക്ഷ്യം 4 :-

മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു.

| Sl NO | പ്രവർത്തനം | കാലയളവ് |
|---|---|---|
| 1 | സംഖ്യ ചക്രം<br>സംഖ്യ ചക്രം കറക്കി 2 സംഖ്യകൾ തെരഞ്ഞെടുക്കുന്നു.<br>- അവ തമ്മിലുള്ള സങ്കലനം, വ്യവകലനം, ഗുണനം, ഹരണം | ജൂലൈ - മാർച്ച് |
| 2 | ഭാഗ്യവാനെ കണ്ടെത്താം<br>- അദ്ധ്യാപകൻ ബോർഡിൽ ഒരു സംഖ്യ എഴുതുന്നു.<br>- വിവിധ ക്രിയകൾ അടങ്ങിയ നറുക്കുകൾ കുട്ടികൾക്ക് തെരഞ്ഞെടുക്കാൻ അവസരം നൽകുന്നു.<br>- ക്രിയ ചെയ്യാം<br>- ആരുടെ ഉത്തരം ആണ് ബോർഡിൽ ഉള്ളതെന്ന് കണ്ടെത്താം. | ജൂലൈ _ ഫെബ്രുവരി |
| 3 | ജോഡികണ്ടെത്താം<br>- വിവിധ ക്രിയകൾ അടങ്ങിയ പട്ടിക ചാർട്ടിൽ പ്രദർശിപ്പിക്കുന്നു.'<br>- കുട്ടികൾക്ക് സംഖ്യ നറുക്കുകൾ തെരഞ്ഞെടുക്കാൻ അവസരം നൽകുന്നു.<br>- കുട്ടികൾക്ക് കിട്ടിയ സംഖ്യ ചാർട്ടിലെ ഏത് ക്രിയയുടെ ഉത്തരം ആണെന്ന് കണ്ടെത്തി ആ കളത്തിൽ ഒട്ടിക്കാം. | ഓഗസ്റ്റ് - ഫെബ്രുവരി |

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025- 26

**വിഷയം: പരിസര പഠനം** **ക്ലാസ് : 3**

ലക്ഷ്യം 1 :- ചുറ്റുപാടുമുള്ള സസ്യങ്ങളെ അവയുടെ പ്രത്യേകതകൾക്കനുസരിച്ച് സാമ്യങ്ങളും വ്യത്യാസങ്ങളും നിരീക്ഷണങ്ങളിലൂടെ തിരിച്ചറിഞ്ഞ് സസ്യങ്ങളെ തരംതിരിക്കുകയും ലോകത്തിലെ വൈവിധ്യം ആസ്വദിക്കുകയും ചെയ്യുക.

| SI O | പ്രവർത്തനം | കാലയളവ് |
|---|---|---|
| 1. | **ഞാനും എൻറെ പരിസരവും**<br>ജൈവവൈവിധ്യ ഉദ്യാന സന്ദർശനം. സസ്യങ്ങളെ നിരീക്ഷിക്കൽ ,പ്രത്യേകതകൾക്കനുസരിച്ച് തരംതിരിക്കൽ; മരങ്ങൾ കുറ്റിച്ചെടികൾ വർഗീകരണം ;സ്യങ്ങളുടെ വളർച്ച രീതികൾ മനസ്സിലാക്കൽ ;<br>**പൂന്തോട്ടം ഒരുക്കാം**<br>• ജൈവവൈവിധ്യ ഉദ്യാന നിർമ്മാണം<br>• സ്കൂൾ പൂന്തോട്ട നവീകരണം<br>• വീട്ടിൽ പൂന്തോട്ടം നിർമ്മിക്കൽ | ജൂൺ - ജനുവരി |

ലക്ഷ്യം 2 - പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക.

- ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താത്പപര്യവും വളർത്തുക.

| SI NO | പ്രവർത്തനം | കാലയളവ് |
|---|---|---|
| 1 | **പ്രകൃതി നടത്തം**<br>- ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷിക്കാം<br>- പ്രത്യേകതകൾ മനസ്സിലാക്കാം<br>- വിവിധ ആവാസവ്യവസ്ഥകൾ അടുത്തറിയാം<br>- ഫീൽഡ് ട്രിപ്പ്<br>- ജീവികളുടെ പരസ്പരാശ്രയത്വം - ചർച്ച<br>- നമുക്ക് ചുറ്റുപാടുമുള്ള മലിനീകരണ പ്രശ്നം അനുഭവിച്ചറിയാം. സ്വയം തിരുത്താം ( ഫീൽഡ് ട്രിപ്പ് )<br>- പ്രകൃതിക്ക് ഭീഷണിയാകുന്ന മനുഷ്യന്റെ ചില ഇടപെടലുകൾ മനസ്സിലാക്കാം ( ഡോക്യുമെൻററി പ്രദർശനം)<br>- ചർച്ച - തെറ്റും ശരിയും | ജൂൺ - ഒക്ടോബർ |
| 2 | **പൂന്തോട്ടം ഒരുക്കാം**<br>- സ്കൂൾ പൂന്തോട്ടം പരിപാലിക്കൽ<br>- വീട്ടിൽ പൂന്തോട്ടം നിർമ്മിക്കൽ | ജൂൺ - മാർച്ച് |

| | | |
|---|---|---|
| 3 | **ഒരു തൈ നടാം**<br>- പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷത്തൈ നടീൽ<br>- നട്ട വൃക്ഷത്തൈ പരിപാലിക്കൽ. | ജൂൺ |
| 4 | **പോസ്റ്റർ നിർമ്മാണം**<br>- പ്രകൃതിസംരക്ഷണ പോസ്റ്റർ തയ്യാറാക്കൽ<br>- പരിസരങ്ങളിൽ പതിക്കൽ. | മാർച്ച് - മെയ് |
| 5 | **ദാഹജലം**<br>- പൂന്തോട്ടത്തിൽ വേനൽക്കാലത്ത് കിളികൾക്ക് ദാഹജലം സജ്ജീകരിക്കാം. | മാർച്ച് - മെയ് |

ലക്ഷ്യം 3
കുട്ടികളെ വ്യക്തി ശുചിത്വവും പരിസര ശുചിത്വവും ഉള്ളവരാക്കി മാറ്റുക.

| SI NO | പ്രവർത്തനം | കാലയളവ് |
|---|---|---|
| 1 | **ദിന കൃത്യങ്ങൾ**<br>- ഓരോ ദിനവും പ്രഭാതകൃത്യങ്ങൾ കഴിഞ്ഞേ സ്കൂളിൽ വരാവൂ എന്ന ബോധം ക്ലാസ് ചർച്ചകളിലൂടെ ഉറപ്പിക്കുന്നു.<br>- കുട്ടികളെ ഗ്രൂപ്പുകളാക്കി ഓരോ ദിവസത്തെയും പരിശോധന ചുമതല ഓരോ ഗ്രൂപ്പിനായി നൽകുന്നു. | ജൂൺ - മാർച്ച് |
| 2 | **നമ്പർ വൺ**<br>- ക്ലാസ് തലത്തിൽ ശുചിത്വ മത്സരം<br>- വ്യക്തി ശുചിത്വം, ക്ലാസ് റൂം പരിസര ശുചിത്വം എന്നിവ അടിസ്ഥാനപ്പെടുത്തി മാർക്ക് നൽകുന്നു. | ജൂലൈ - മാർച്ച് |
| 3 | **പരിസര നടത്തം**<br>- നമ്മുടെ പരിസരത്തെ മലിനീകരണ പ്രശ്നം അടുത്തറിയാം - സർവ്വേ.<br>- മലിനീകരണം മൂലമുള്ള പ്രശ്നങ്ങൾ കണ്ടെത്തുന്നു.<br>- പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞ. | ജൂൺ - ഡിസംബർ |
| 4 | **നല്ല ശീലം**<br>- പോസ്റ്ററുകൾ തയ്യാറാക്കാം<br>- പരിസരങ്ങളിൽ പതിക്കാം. | ജൂലൈ _ മാർച്ച് |

ലക്ഷ്യം: 4
ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താത്പര്യവും വളർത്തുക.

| SI NO | പ്രവർത്തനം | കാലയളവ് |
|---|---|---|
| 1 | **ഫീൽഡ് ട്രിപ്പ്**<br>- നമ്മുടെ നാടിനെ, പരിസ്ഥിതിയെ അടുത്തറിയാനായി ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു. (കുളം, വയൽ, കാട്, etc)<br>ഡിസംബർ - ഫെബ്രുവരി | ജനുവരി-മാർച്ച് |
| 2 | **പരീക്ഷണങ്ങൾ**<br>- ശാസ്ത്ര കൗതുകം വളർത്തുന്ന പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു. | ഡിസംബർ - ഫെബ്രുവരി |
| 3 | ശാസ്ത്രജ്ഞനോടൊപ്പം | ഡിസംബർ - |

# ഐ.സി.എസ്.എൽ.പി.എസ് ഇടവനശ്ശേരി, മൈനാഗപ്പള്ളി

## അക്കാദമിക മാസ്റ്റർ പ്ലാൻ 2025- 26

**വിഷയം: പരിസര പഠനം** **ക്ലാസ് : 3**

ലക്ഷ്യം 1 :- ചുറ്റുപാടുമുള്ള സസ്യങ്ങളെ അവയുടെ പ്രത്യേകതകൾക്കനുസരിച്ച് സാമ്യങ്ങളും വ്യത്യാസങ്ങളും നിരീക്ഷണങ്ങളിലൂടെ തിരിച്ചറിഞ്ഞ് സസ്യങ്ങളെ തരംതിരിക്കുകയും ലോകത്തിലെ വൈവിധ്യം ആസ്വദിക്കുകയും ചെയ്യുക.

| SI O | പ്രവർത്തനം | കാലയളവ് |
|---|---|---|
| 1. | **ഞാനും എൻ്റെ പരിസരവും**<br>ജൈവവൈവിധ്യ ഉദ്യാന സന്ദർശനം. സസ്യങ്ങളെ നിരീക്ഷിക്കൽ ,പ്രത്യേകതകൾക്കനുസരിച്ച് തരംതിരിക്കൽ; മരങ്ങൾ കുറ്റിച്ചെടികൾ വർഗീകരണം ;സ്യങ്ങളുടെ വളർച്ച രീതികൾ മനസ്സിലാക്കൽ ;<br>**പൂന്തോട്ടം ഒരുക്കാം**<br>• ജൈവവൈവിധ്യ ഉദ്യാന നിർമ്മാണം<br>• സ്കൂൾ പൂന്തോട്ട നവീകരണം<br>• വീട്ടിൽ പൂന്തോട്ടം നിർമ്മിക്കൽ | ജൂൺ - ജനുവരി |

ലക്ഷ്യം 2 - പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക.

- ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താത്പര്യവും വളർത്തുക.

| SI NO | പ്രവർത്തനം | കാലയളവ് |
|---|---|---|
| 1 | **പ്രകൃതി നടത്തം**<br>- ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷിക്കാം<br>- പ്രത്യേകതകൾ മനസ്സിലാക്കാം<br>- വിവിധ ആവാസവ്യവസ്ഥകൾ അടുത്തറിയാം<br>- ഫീൽഡ് ട്രിപ്പ്<br>- ജീവികളുടെ പരസ്പരാശ്രയത്വം - ചർച്ച<br>- നമുക്ക് ചുറ്റുപാടുമുള്ള മലിനീകരണ പ്രശ്നം അനുഭവിച്ചറിയാം. സ്വയം തിരുത്താം ( ഫീൽഡ് ട്രിപ്പ് )<br>- പ്രകൃതിക്ക് ഭീഷണിയാകുന്ന മനുഷ്യന്റെ ചില ഇടപെടലുകൾ മനസ്സിലാക്കാം ( ഡോക്യുമെൻററി പ്രദർശനം)<br>- ചർച്ച - തെറ്റും ശരിയും | ജൂൺ - ഒക്ടോബർ |
| 2 | **പൂന്തോട്ടം ഒരുക്കാം**<br>- സ്കൂൾ പൂന്തോട്ടം പരിപാലിക്കൽ<br>- വീട്ടിൽ പൂന്തോട്ടം നിർമ്മിക്കൽ | ജൂൺ - മാർച്ച് |

| | | |
|---|---|---|
| 3 | **ഒരു തൈ നടാം**<br>- പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷത്തൈ നടീൽ<br>- നട്ട വൃക്ഷത്തൈ പരിപാലിക്കൽ. | ജൂൺ. |
| 4 | **പോസ്റ്റർ നിർമ്മാണം**<br>- പ്രകൃതിസംരക്ഷണ പോസ്റ്റർ തയ്യാറാക്കൽ<br>- പരിസരങ്ങളിൽ പതിക്കൽ. | മാർച്ച് - മെയ് |
| 5 | **ദാഹജലം**<br>- പൂന്തോട്ടത്തിൽ വേനൽക്കാലത്ത് കിളികൾക്ക് ദാഹജലം സജ്ജീകരിക്കാം. | മാർച്ച് - മെയ് |

ലക്ഷ്യം 3

കുട്ടികളെ വ്യക്തി ശുചിത്വവും പരിസര ശുചിത്വവും ഉള്ളവരാക്കി മാറ്റുക.

| SI NO | പ്രവർത്തനം | കാലയളവ് |
|---|---|---|
| 1 | **ദിന കൃത്യങ്ങൾ**<br>- ഓരോ ദിനവും പ്രഭാതകൃത്യങ്ങൾ കഴിഞ്ഞേ സ്കൂളിൽ വരാവൂ എന്ന ബോധം ക്ലാസ് ചർച്ചകളിലൂടെ ഉറപ്പിക്കുന്നു.<br>- കുട്ടികളെ ഗ്രൂപ്പുകളാക്കി ഓരോ ദിവസത്തെയും പരിശോധന ചുമതല ഓരോ ഗ്രൂപ്പിനായി നൽകുന്നു. | ജൂൺ - മാർച്ച് |
| 2 | **നമ്പർ വൺ**<br>- ക്ലാസ് തലത്തിൽ ശുചിത്വ മത്സരം<br>- വ്യക്തി ശുചിത്വം, ക്ലാസ് റും പരിസര ശുചിത്വം എന്നിവ അടിസ്ഥാനപ്പെടുത്തി മാർക്ക് നൽകുന്നു. | ജൂലൈ - മാർച്ച് |
| 3 | **പരിസര നടത്തം**<br>- നമ്മുടെ പരിസരത്തെ മലിനീകരണ പ്രശ്നം അടുത്തറിയാം - സർവ്വേ.<br>- മലിനീകരണം മൂലമുള്ള പ്രശ്നങ്ങൾ കണ്ടെത്തുന്നു.<br>- പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞ. | ജൂൺ - ഡിസംബർ |
| 4 | **നല്ല ശീലം**<br>- പോസ്റ്ററുകൾ തയ്യാറാക്കാം<br>- പരിസരങ്ങളിൽ പതിക്കാം. | ജൂലൈ _ മാർച്ച് |

ലക്ഷ്യം: 4

ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താത്പപര്യവും വളർത്തുക.

| SI NO | പ്രവർത്തനം | കാലയളവ് |
|---|---|---|
| 1 | **ഫീൽഡ് ട്രിപ്പ്**<br>- നമ്മുടെ നാടിനെ, പരിസ്ഥിതിയെ അടുത്തറിയാനായി ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു. (കുളം, വയൽ, കാട്, etc)<br>ഡിസംബർ - ഫെബ്രുവരി | ജനുവരി-മാർച്ച് |
| 2 | **പരീക്ഷണങ്ങൾ**<br>- ശാസ്ത്ര കൗതുകം വളർത്തുന്ന പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു. | ഡിസംബർ - ഫെബ്രുവരി |
| 3 | ശാസ്ത്രജ്ഞനോടൊപ്പം | ഡിസംബർ - |

# ഐ.സി.എസ്.എൽ.പി.എസ് ഇടവനശ്ശേരി, മൈനാഗപ്പള്ളി

*Acadamic master Plan 2025-26*

*Subject: English* *Class: 3*

**learning objective 1:- listens to instructions and engage in activities**

| SI NO | Activities | Duration |
|---|---|---|
| 1. | - Give more chance to hearing instructions based on the day to day life &classroom<br>-Show the pictures of action verbs<br>-Performing actions by hearing instruction and commands | June -december |

**Learning objective :- 2 Describes the pictures**

| SI NO | Activities | Duration |
|---|---|---|
| 1 | **Picture Description**<br>- The teacher Shows a Picture.<br>- Discussion<br>- The children talk about the Picture.<br>- Slow learners :- Gives opportunity to express their ideas in malayalam. | June to August |

**Learning ojective :- 3 Arrange words in Alphabetical Order.**

| SI NO | Activities | Duration |
|---|---|---|
| 1 | **Dictionary**<br>- introducing the dictionary<br>- Gives words.<br>- Arranging words in alphabetical order. | July to March |

**Learning ojective 4:- Add more exchanges to the conversation suitable to the context.**

| SI NO | Activities | Duration |
|---|---|---|

| | | |
|---|---|---|
| 1 | **conversation**<br>- Reading the conversation<br>- conversation is acting with friends<br>- Adds more exchanges to the conversation.<br>- slow learners :- Gives opportunity to express their Idea in Malayalam. | july to March |

**Learning objective 5 :- identifies rhyming words from the poem.**

| SI NO | Activities | Duration |
|---|---|---|
| 1 | **Rhyming words**<br>- plays the audio of song.<br>- Let the learner sing after the audio<br>- Discussion<br>- identifies rhyming words | July to September |

**Learning ojective6:- Add lines to a poem following a set Pattern**

| SI NO | Activities | Duration |
|---|---|---|
| 1 | **Add morelines**<br>- plays the audio of Song<br>- Let the learner sing after the audio<br>- add lines to the poem. | July to December |

**Learning objective 7: Reads and understands the given stories and Poems.**

| SI NO | Activities | Duration |
|---|---|---|
| 1 | **Let's Read**<br>- Provides the Opportunity to read simple stories and Poems.<br>- They told the story they read. | December to March |

**Learning objective8: Makes simple riddles**

| SI NO | Activities | Duration |
|---|---|---|
| 1 | **Riddles**<br>- Gives Children the opportunity to hear and answer simple riddles.<br>- Makes Simple riddles<br>- slow learners:- Gives opportunity to express their idea in malayalam. | August to March |

| അക്കാദമിക മാസ്റ്റർ പ്ലാൻ | Std: IV |
| --- | --- |

വിദ്യാഭ്യാസത്തിന്റെ സമഗ്രവികാസം ലക്ഷ്യമിട്ട് ആവിഷ്കരിച്ച ഗുണമേന്മയുള്ള വിദ്യാഭ്യാസ പദ്ധതിയത്തിൽ ഓരോ വിദ്യാർത്ഥിയെയും മികവിന്റെ ഉന്നതിയിലേക്ക് എത്തിക്കുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ഓരോ കുട്ടിയുടെയും പഠനക്രമത്തെ പരിപോഷിപ്പിക്കുകയും അവരുടെ കഴിവുകളെ തിരിച്ചറിഞ്ഞ് വളർത്തുകയും ആവശ്യമായ പിന്തുണ നൽകി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികളെ മുന്നോട്ട് കൊണ്ടുവരികയും ചെയ്യുന്നതാണ് ഈ മാസ്റ്റർ പ്ലാനിന്റെ ലക്ഷ്യം.

പ്രവർത്തനലക്ഷ്യങ്ങൾ

1. ക്ലാസ് വായനാക്കൂട്ടം സംഘടിപ്പിക്കൽ. ക്ലാസ് ലൈബ്രറിയിൽ നിന്ന് പുസ്തകങ്ങൾ പരിചയപ്പെടൽ. വായനാക്കുറിപ്പ് തയ്യാറാക്കൽ വായനക്ക് അവസരം നൽകൽ.
2. ആത്മവിശ്വാസത്തോടെ ആശയഗ്രഹണ വായനക്ക് അവസരം നൽകുന്നു.
3. സ്വന്തം ഡയറിയിൽ ആശയങ്ങൾ എഴുതി അവതരിപ്പിക്കുന്നതിന്: ഡയറി എഴുത്ത്.
4. ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതുവാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ.
5. തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി.
6. അറിവ് നിർമ്മാണത്തിനായി നിരീക്ഷണത്തിന് കൂടുതൽ അവസരം ഒരുക്കൽ. ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുകയും അതിലൂടെ ശാസ്ത്രപഠനം ലളിതവും രസകരവും ആക്കുന്നു.
7. ഗണിതപഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ)
8. ഗണിത രൂപങ്ങളുടെ പ്രയോഗിക മൂല്യം തിരിച്ചറിയൽ.
9. പഠനോപകരണങ്ങളിലൂടെ ഗണിതപഠനം രസകരമാക്കൽ

മുന്നൊരുക്കം

1. പ്രീ ടെസ്റ്റ് നടത്തി എല്ലാ തലത്തിലും ഉള്ള കുട്ടികളെയും കണ്ടെത്തുന്നു.

2. കുട്ടികളുടെ നിലവിലുള്ള അവസ്ഥ, കഴിവുകൾ, പരിമിതികൾ എന്നിവ CPTA നടത്തി എല്ലാ മാസവും പഠന വിവരം കുട്ടിക്ക് ലഭ്യമാക്കുന്നതിനുള്ള അവസരമുണ്ടാക്കുന്നു.

പ്രവർത്തന ലക്ഷ്യം.

* നാലാം ക്ലാസിലെ ഓരോ കുട്ടിക്കും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.
* വിവിധതരം കളികൾ ആസൂത്രണം ചെയ്ത് ഗണിത പഠനം രസകരമാക്കൽ.
* ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ.
* അറിവ് നിർമാണത്തിനായി നിരീക്ഷണത്തിന് അവസരം ഒരുക്കുകയും അതിനായി ഫീൽഡ് സംഘടിപ്പിക്കുന്നു. ശാസ്ത്ര പഠനം ലളിതവും രസകരവും ആക്കാൻ ആവശ്യമായ സാമഗ്രികൾ ഒരുക്കുന്നു.

കൂട്ടൽ.

* വായനക്ക് ക്ലാസിൽ കൂടുതൽ അവസരമൊരുക്കൽ (ക്ലാസ് ലൈബ്രറി)
* ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി ചേരൽ (മുഴുവൻ നിയന്ത്രണവും കുട്ടികൾക്ക്).
* ഒറിഗാമി രൂപങ്ങളിലൂടെ നിർമാണം പ്രദർശനം.
* അറിവ് നിർമാണത്തിനായി ചുമർപത്രം നിർമിക്കൽ.

തുടർച്ച

* വായനാശേഷി വളർത്താനായി ക്ലാസ് ലൈബ്രറിയുടെ/ സഹായത്തോടെ പുസ്തക സംവാദവും അനൗപചാരിക വായനയും

* നിത്യവും വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവർ
ങ്ങൾ ഇംഗ്ലീഷ് ഡയറിക്കുറിപ്പായി എഴുതുന്നു.
* ഗണിതലാബ് ഒരുക്കൽ. പഠനത്തിന് ഉപയോഗപ്പെടു
* ശാസ്ത്രപഠനം ലളിതവും രസകരവും ആക്കാൻ ആവശ്യമായ സാമഗ്രികൾ ഒരുക്കി പരീക്ഷണങ്ങൾ സംഘടിപ്പിക്കുന്നു.

ARABIC

മേഖല - അക്കാദമികം

ഉപമേഖല - അറബിക്

BioVision

ക്ലാസ് - **I to IV**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ് | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| തെറ്റ് കൂടാതെ വായിക്കുവാനുള്ള കഴിവുണ്ടാക്കുന്നു. | - അക്ഷരവായന<br>- ക്ലാസ് വായന<br>- ലൈബ്രറി വായന<br>- ചിത്ര വായന<br>- മാഗസിൻ വായന<br>- വീടുവായന<br>- കഥാ വായന<br>- വായനാമത്സരങ്ങൾ<br>- മോണിറ്ററിംഗ്<br>- വാക്യങ്ങൾ ഉറപ്പിക്കൽ<br>- വ്യാകരണങ്ങൾ<br>- ഇ-വായന | I- II<br>I- II<br>III- IV<br>I- IV<br>III- IV<br>I- IV<br>III- IV<br>II- III-IV<br>I- IV<br>III- IV<br>I- IV | ജൂൺ - ജൂലൈ<br>ജൂൺ - ഫെബ്രുവരി<br>നവംബർ-ഡിസംബർ<br>ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച് | അധ്യാപകർ | അധ്യാപകർ<br>PTA<br>SRG |
| അറബി ഭാഷ സംസാരിക്കുന്നതിന് ആത്മവിശ്വാസം ഉണ്ടാക്കുന്നതിന്. | -ഇ-ടെക്സ്റ്റ് ഉപയോഗി ച്ച് അതിലുള്ള സംഭാഷണങ്ങൾ കേൾപ്പിക്കുന്നു.<br>- ലാംഗ്വേജ് ഗെയിംസ്<br>- റോൾ പ്ലേ<br>- ക്ലാസ് സംഭാഷണം<br>- കാർട്ടൂൺ<br>- പ്രദർശനം<br>- പദസമ്പത്ത് വർദ്ധിപ്പിക്കൽ<br>- ഡ്രാമാറ്റൈസേഷൻ | I- IV<br>I- IV<br>I- IV<br>III- IV<br>I- IV | ജൂലൈ -മാർച്ച്<br>ജൂലൈ -മാർച്ച്<br>ആഗസ്റ്റ്-ഫെബ്രുവരി | അധ്യാപകർ | അധ്യാപകർ<br>PTA |
| അറബി ഭാഷാ എഴുത്തിന്റെ പരിപോഷണം | - അക്ഷരങ്ങൾ ഉറപ്പിക്കൽ<br>- പദങ്ങൾ ഉറപ്പിക്കൽ<br>- ചിഹ്നങ്ങൾ ഉറപ്പിക്കൽ<br>- കൂട്ടി എഴുത്ത്<br>- അക്ഷരക്കാർഡ് നിർമ്മാണം<br>- കൈയ്യെഴുത്ത് മാസിക<br>- ചുമർ പത്രിക നിർമ്മാണം<br>- ചാർട്ടെഴുത്ത്<br>- ചിത്രകഥ നിർമ്മിക്കൽ<br><br>Translation,<br>-Malayalam to Arabic<br>-Arabic to Malayalam<br>Arabic to English<br>-English to Arabic | III- IV<br>I- II<br>I- II<br>I- II<br>I- II<br>I- II<br>III- IV<br>III- IV<br>II- III-IV<br>II- III-IV<br>I- IV | ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച്<br>ഡിസംബർ<br>സപ്തംബർ - മാർച്ച്<br>ഒക്ടോബർ<br>ഫെബ്രുവരി<br>ജൂൺ - മാർച്ച് | അധ്യാപകർ | അധ്യാപകർ<br>PTA |

Class : I

# അറബിക് മധുരം

അറബിക് ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ പരിപോഷിപ്പിക്കുവാനുള്ള പ്രത്യേക പരിപാടി.

## പ്രവർത്തനം

ടെസ്റ്റ് നടത്തി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുന്നു. അക്ഷരങ്ങൾ പരിചയപ്പെടുത്തുന്നു. അക്ഷര കാർഡുകൾ നൽകുന്നു.

## വായനാലോകം

കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ട് വരൽ

നല്ല വായനക്കാരനാക്കുക

തെരഞ്ഞെടുത്ത ലളിതമായ അറബിക് വാക്കുകൾ

ചിത്രകഥ (അറബിക്)

കഥ പുസ്തകം (അറബിക്)

കുട്ടിക്കവിതകൾ (അറബിക്)

## ക്ലാസ് വായന

ഓരോ അറബിക് പിരീഡിലും ആദ്യ 5 മിനിട്ട് ഓരോ കുട്ടിയെക്കൊണ്ട് ഒരു പേജ് ഉറക്കെ വായിക്കുക

വായിച്ച ഭാഗങ്ങൾ രേഖപ്പെടുത്തി വെക്കുക

കൂടുതൽ ഭാഗങ്ങൾ വായിച്ച കുട്ടികൾക്ക് സമ്മാനം നൽകുക.

## ക്ലാസ് 4 വായനാലോകം

### ലക്ഷ്യം

വായന

കുട്ടികളിൽ വായനയെ പ്രോത്സാഹിപ്പിക്കുന്ന വായനയുടെ ലോകത്തേക്ക് കൈപിടിച്ചുയർത്തി വായനാശീലം വളർത്തുക. നല്ല വായനക്കാരനാക്കുക

### എഴുത്ത്

എഴുതുവാനുള്ള കഴിവ് വികസിപ്പിക്കുന്നു.

### ഉൾച്ചേർന്ന വിദ്യാഭ്യാസം

ഭിന്നശേഷി വിദ്യാർത്ഥികളെ പരിപോഷിപ്പിക്കുന്നതിന് ഉതകുന്ന പ്രവർത്തനങ്ങൾ നൽകുന്നു.

### പ്രവർത്തനം

വായനാമൂല സജ്ജീകരിക്കുന്നു, പ്രീടെസ്റ്റ് നടത്തുന്നു. പ്രതിഭകളെ കണ്ടെത്തുന്നതിന് മത്സരങ്ങൾ നടത്തുന്നു. അറബി സാഹിത്യോത്സവത്തിൽ മുഴുവൻ ഇനങ്ങളിലും പ്രതിഭകളെ കണ്ടെത്തുന്നു.

### ആസ്വാദനം

IT സാധ്യതകളെ ഉപയോഗപ്പെടുത്തി കഥ, കവിത അനിമേഷൻ കണ്ടി വീഡിയോകൾ പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നു.

(3)

## ആസ്വാദന ലോകം

സർഗ വാസനകളെ കണ്ടെത്തി പരിപോഷിപ്പിക്കൽ

### പ്രവർത്തനം

ആസ്വാദന സഭ

പാടാനും പറയാനും കഴിയുന്ന കുട്ടി പ്രതിഭകളെ കണ്ടെത്തി മറ്റുള്ള കുട്ടികളെ ആസ്വദിപ്പിക്കുവാനും ശ്രവിക്കാനും അവസരം സൃഷ്ടിക്കുവാൻ അദ്ധ്യാപിക കൂടിയിരിക്കുമ്പോൾ ഉപകരിച്ചിരുന്നു.

## അറബിക് ലോകം

നന്നായി അറബി ഭാഷ കേൾക്കാനും അനുഭവിക്കാനും ഉതകുന്ന വീഡിയോകൾ കേൾക്കാനും കാണാനും സൗകര്യം ഉണ്ടാക്കൽ

അറബി പദസമ്പത്ത് വർധിപ്പിക്കൽ